# തേനീച്ചകളുമായുള്ള ചങ്ങാത്തം ഗിന്നസ് ബുക്കിലേക്ക്

മണ്ണുത്തി: തേനിന് മധുരമാണെങ്കിൽ തേനീച്ചയുടെ കുത്ത് കിട്ടുന്നത് വേദനാജനകമാണെന്ന് അനുഭവസ്ഥർക്ക് അറിയാം. എന്നാൽ ഒരു തേനീച്ചക്കൂട്ടത്തെ മുഴുവൻ തന്റെ ശിരസിൽ വഹിച്ച് 54 മിനിട്ട് പിന്നിട്ട് റെക്കോർഡ് സൃഷ്ടിച്ച നേച്ചർ എം എസ് തന്റെ റെക്കോർഡ് തിരുത്തുന്നതിന് വൈഗ 2017 വേദിയാകുന്നു. കർണ്ണാടകയിലെ ധാർവാർഡ് കാർഷിക സർവ്വകലാശാലയിൽ മൂന്നാം വർഷ കൃഷി ബിരുദ വിദ്യാർത്ഥിയായ ഈ യുവാവ് , എം എസ് സജയകുമാറിന്റെ മകനാണ്.

ഗിന്നസ് ബുക്കിലേക്കുള്ള പുതിയ റെക്കോർഡിന്റെ തന്റെ സാഹസിക പരിശ്രമം വൈഗ 2017 ലെ ഹണി പാർക്കിൽ വച്ച് പ്രദർശനത്തിന്റെ അവസാനദിവസമായ ഡിസംബർ 31 ന് രാവിലെ 7 മണി മുതൽ വൈകീട്ട് 6 മണി വരെ നടത്തുന്നു.

Janayugom 31.12.17